പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1470 | 02.07.2015-ൽ മറുപടിക്ക്

## നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം.പി. വിൻസെന്റ്. | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) നഗരസഭാ പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നഗരവികസന പദ്ധതികളുമായി ബന്ധപ്പെട്ട വിശദമായ പ്രേജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി അർബൻ 2020 എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടെയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതന സാങ്കേതിക പരിജ്ഞാനവും തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആറുകൾ) കാലേ കൂട്ടി തയ്യാറാക്കുന്നതിനും, പ്രസ്തുത ഡി.പി.ആറുകൾ മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിങ് ഏജൻസികളും നൽകി വരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ; | (സി) | നഗരസഭാ പദ്ധതികളുമായി ബന്ധപ്പെട്ട ഡി.പി.ആറുകൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾ രൂപം നൽകുന്ന പ്രോജക്ട് ആശയങ്ങൾ സ്റ്റേറ്റ് ലെവൽ ഡി.പി.ആർ കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് അവ വിശദമായ പ്രോജക്ട് റിപ്പോർട്ട് തലത്തിലേയ്ക്ക് പരിവർത്തിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം നഗരസഭകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | അർബൻ 2020 പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജെ.എൻ.എൻ.യു. ആർ.എം. പദ്ധതി ഫണ്ടിൽ നിന്നും 5 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും നഗരസഭകൾക്കും, ഡെവലപ്മെന്റ് അതോറിറ്റികൾക്കും പബ്ലിക് പ്രൈവറ്റ് പാർട്ണർ ഷിപ്പ് (പി.പി.പി) പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പാർട്ണർ കേരള മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ കിറ്റ്കോയ്ക്ക് നൽകുന്നതിന് 2 കോടി രൂപ പാർട്ണർ കേരള മിഷൻ ഡയറക്ടർക്ക് കൈമാറി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ